കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി

14.12.2017

മാന്യരെ,

വേദനിക്കുന്നവനൊപ്പം നിൽക്കുന്ന മനസ്സ്, വിഷമിക്കുന്നവരെക്കുറിച്ചുള്ള കരുതൽ എന്നിവയൊക്കെയാണ് മനുഷ്യനെ സംസ്കാരമുള്ളവനാക്കുന്നത്. ആ സംസ്കാരത്തിന്റെ സത്ത കൊണ്ട്, മനുഷ്യത്വം കൊണ്ട്, എന്നും ശ്രദ്ധേമായിരുന്നിട്ടുള്ള മനസ്സാണ് മലയാളിയുടേത്.

ഈ സവിശേഷമായ മനഃസ്ഥിതി ഏറെ ഉദാരമായി പ്രതിഫലിക്കേണ്ട ഒരു ഘട്ടത്തിലാണു നാമിന്ന് എന്നു ഞാൻ ഓർമിപ്പിക്കേണ്ടതില്ലല്ലോ. അതിദുഃഖകരമായ ഒരു ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് നാമിന്നു നിൽക്കുന്നത്. ഓഖി ദുരന്തം നമ്മുടെ നിരവധി സഹോദരങ്ങളുടെ ജീവനെടുത്തു. അവരെ ആശ്രയിച്ചുകഴിഞ്ഞിരുന്ന നിരവധി കുടുംബങ്ങൾ നിരാധാരമായി. ഒട്ടനവധി വീടുകൾ പൂർണമായി തകർന്നു; അതിൽക്കൂടുതൽ ഭാഗികമായി തകർന്നു. ജീവനോപാധികൾ നഷ്ടപ്പെട്ടു.

ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബങ്ങളെ രക്ഷിക്കാനും രക്ഷപ്പെട്ടവരെ ചികിത്സിപ്പിക്കാനും ഒക്കെ സംസ്ഥാനസർക്കാർ, ചരിത്രത്തിലിതുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ ഇടപെട്ടു. മരണപ്പെട്ടവരുടെ കുടുംബത്തിന് 20 ലക്ഷം രൂപ വീതം അനുവദിക്കുന്നതടക്കമുള്ള കാര്യങ്ങൾ മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല എന്നത് അറിയാമല്ലോ.

പക്ഷെ, എത്രയേറെ സഹായം ചെയ്താലും വേണ്ടത്രയാവാത്ത തരത്തിലുള്ള ദുരന്തമാണ് തീരദേശത്തെ സഹോദരങ്ങൾക്കു വന്നുപെട്ടത്. അതുകൊണ്ടുതന്നെ അവർക്കു സഹായം തുടർന്നും ചെയ്തുകൊണ്ടേയിരിക്കേണ്ടതുണ്ട്. ഇതിന് സർക്കാർ മാത്രം വിചാരിച്ചാൽ മതിയാവില്ല എന്നറിയാമല്ലോ. നമ്മുടെ സമൂഹത്തിന്റെയാകെ ഉത്തരവാദിത്വമാണിത്. നിങ്ങൾ അവർക്കു നൽകുന്ന ഓരോ രൂപയുടെ സഹായവും അവർക്കുമാത്രമല്ല, അവരുടെ കുഞ്ഞുങ്ങളുടെ ഭാവി ഭദ്രമാക്കുന്ന കാര്യത്തിനുവരെ പ്രയോജനപ്പെടും. ഏതു തുകയും ചെറുതല്ല, വലുതുമല്ല.

നാടിന്റെയും ജനതയുടെയും പൊതുദുരന്തമായി ഇതിനെ കണ്ട്, നമുക്ക് ഓരോരുത്തർക്കും വേണ്ടിക്കൂടിയാണ് അവർ കടലിൽ പോയതെന്നോർത്ത്, ഉദാരമായ രീതിയിൽ അവരെ സഹായിക്കണമെന്ന് നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർഥിക്കുന്നു.

സ്നേഹപൂർവ്വം,

**പിണറായി വിജയൻ**

ചെക്ക്/ഡ്രാഫ്റ്റ് മുഖേനയുള്ള സംഭാവന അയക്കേണ്ട വിലാസം:
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), ട്രഷറർ,
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി,
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1

സംഭാവന ഓൺലൈനായി ട്രാൻസ്ഫർ ചെയ്യുന്നവർക്ക് താഴെ ചേർത്ത അക്കൗണ്ടിലേക്ക് അയയ്ക്കാം:
ബാങ്ക് അക്കൗണ്ട് നമ്പർ: 67319948232
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം
IFS Code: SBIN0070028

*(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾ ആദായനികുതി നിയമത്തിലെ സെക്ഷൻ 80 ജി പ്രകാരം ആദായനികുതിയിൽ 100 ശതമാനം ഇളവിന് അർഹതയുണ്ട്.)*

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം പിൻ 695 001

ഫോൺ 0471 2333241, 2333812, 2333610 ഫാക്സ് 0471 2333489
chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

വസതി
ക്ലിഫ് ഹൗസ്
ഫോൺ 0471 2318406, 2314853

**മേലെഴുത്ത് കത്ത് നം ജി4/46013/17 കോവിവ തീയതി 20-12-2017**

14-12-2017 ലെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ കത്ത് കണ്ടാലും. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-
എം.എസ് ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്
1. എല്ലാ ഡെപ്യൂട്ടി ഡയറക്ടറർ മാർക്കും ( പ്രൈവറ്റ് ,എയ്ഡഡ് കോളേജ്കളെ അറിയിക്കുന്നതിലേക്കായും )
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽ മാർക്കും

// അംഗീകാരത്തോടെ //

സൂപ്രണ്ട്

na